പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2251 18.12.2012 -ലെ മറുപടി

മാവേലിക്കര നിന്നുള്ള സർവ്വീസുകൾ

ചോദ്യം

ശ്രീ. ആർ. രാജേഷ്

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | മാവേലിക്കരയിൽ നിന്നും മൂന്നാറിലേക്ക് കെ.എസ്.ആർ.ടി.സി. സർവ്വീസ് തുടങ്ങുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; | (എ) | വരുമാനം വളരെ കുറവായതു കൊണ്ടാണ് മാവേലിക്കര -മൂന്നാർ സർവ്വീസ് നിർത്തലാക്കിയത്. ആയതി നാൽ സർവ്വീസ് പുനരാരംഭിക്കുവാൻ കെ.എസ്.ആർ.ടി.സി. ഇപ്പോൾ ഉദ്ദേശി ക്കുന്നില്ല. |
| (ബി) | മാവേലിക്കരയിൽ നിന്നും വരേണിക്കൽ വഴി ആരംഭിച്ച പുതിയ സർവ്വീസ് നിർത്തിവച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത സർവ്വീസ് അടിയന്തിരമായി പുന:സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (ബി) | ഡ്രൈവർമാരുടെ കുറവു കാരണമാണ് വരേണിക്കൽ വഴിയുള്ള സർവ്വീസ് നിർത്തി വച്ചത്. ഡ്രൈവറുടെ ലഭ്യത ക്കനുസരിച്ച് സർവ്വീസ് പുനരാരംഭി ക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (സി) | മാവേലിക്കര മണ്ഡലത്തിൽകൂടി കടന്നുപോകുന്ന പന്തളം-പടനിലം -ചുനക്കര സർവ്വീസ് പുനരാരംഭി ക്കണം എന്ന എം.എൽ.എ. യുടെ അപേക്ഷ ലഭിച്ചിട്ടുണ്ടോ; ഇതിന്മേൽ നടപടി സ്വീകരിക്കുമോ? | (സി) | ഉണ്ട്.<br>ഡ്രൈവറുടെ ലഭ്യതക്കനുസ രിച്ച് സർവ്വീസ് പുനരാരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ